



# Acto Thomas Vadakethala

Father Vineeth's Nephew
(Bharathamatha, Palakkad, 1 June 2021)

## നന്ദി

എൻെറ പേര് ആക്ടോ തോമസ്. ഞാൻ വിനീതച്ചൻെറ അനുജൻ തോമസിൻെറ മകനാണ്. ഞങ്ങളുടെ വല്ല്യപ്പൻ അച്ചൻെറ വേർപാടിൽ, ഞങ്ങൾ ഒരുപാട് വേദനിക്കുന്നു. എങ്കിലും അച്ചനെ നിങ്ങൾ വളരെ കാര്യമായി നോക്കിയതിനാൽ കുടുംബാംഗ ങ്ങളുടെ പ്രതിനിധിയായി രണ്ട് വാക്ക് സംസാരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

അഭിവന്ദ്യ പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് പിതാവേ, സി.എം.ഐ. സഭയുടെ വികാരി ജനറൽ ബഹുമാനപ്പെട്ട ജോസി താമരശ്ശേരി അച്ചാ, കോയമ്പത്തൂർ പ്രേഷിത പ്രോവിൻസിൻെറ പ്രൊവിൻഷ്യൽ സാജു ചക്കാലക്കൽ അച്ചാ, ബഹുമാനപ്പെട്ട വൈദികരെ, സന്യസ്തരെ, എൻെറ പ്രിയ കുടുംബാംഗങ്ങളെ, സുഹൃത്തുക്കളെ,

ഈ കൊറോണ കാലഘട്ടത്തിലും വിനീതച്ചൻെറ മൃതസംസ്ക്കാര കർമ്മങ്ങളിൽ പങ്കെടുക്കുവാൻ ഒത്തിരി തിര ക്കുകളുടെ ഇടയിൽ നിന്നും പാലക്കാട് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവ് ഇവിടെ വന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. ഈ അവസരത്തിൽ ഞങ്ങൾ എല്ലാവരും പിതാവിനോട് ആത്മാർത്ഥമായി നന്ദി പറയുന്നു. ഇന്നത്തെ ദിവ്യബലിക്ക് മുഖ്യകാർമ്മികത്വം വഹിച്ച സി.എം.ഐ. സഭയുടെ വികാരി ജനറാൾ ബഹുമാനപ്പെട്ട ജോസി താമരശ്ശേരി അച്ചന് ഞങ്ങൾ പ്രത്യേകം നന്ദി പറഞ്ഞു കൊള്ളുന്നു.

അദ്ധ്യാപകനായിരുന്ന കാലം മുതലേ വിനീതച്ചന് സാജു അച്ചനുമായുള്ള അഭേദ്യമായ ബന്ധം എനിക്കറിയാവു ന്നതാണ്. എൻെറ അറിവ് ശരിയാണെങ്കിൽ അച്ചൻെറ പ്രിയ ശിഷ്യന്മാരിൽ ഒരാളായ സാജു അച്ചൻ, വിനീതച്ചൻെറ അവസാന കാലത്ത് അച്ചൻെറ പ്രൊവിൻഷ്യൽ ആയി വന്നത് ഒരു ദൈവനിയോഗമാണെന്ന് ഞാൻ വിശ്വസിക്കുന്നു. വിനീതച്ചൻെറ അന്ത്യനാളുകളിലും മരണത്തിനുശേഷവും എല്ലാ കാര്യങ്ങളും ഞങ്ങളെ അറിയിക്കുന്നതിനും ഭംഗിയായി നിർവ്വഹിക്കുന്നതിനും വളരെ പക്വതയോടും അതിനേക്കാളേറെ സൗമ്യതയോടും കൂടെ നേതൃത്വം നൽകിയ



ബഹുമാനപ്പെട്ട സാജു ചക്കാലക്കൽ അച്ചന് കുടുംബാംഗങ്ങളുടെയും എൻെറ വ്യക്തിപരമായ പേരിലും ഞാൻ പ്രത്യേകം നന്ദി പറഞ്ഞുകൊള്ളുന്നു.

അതുപോലെതന്നെ മുൻ പ്രൊവിൻഷ്യൽമാരായ എല്ലാ അച്ചന്മാർക്കും ഈ അവസരത്തിൽ കുടുംബാംഗങ്ങളുടെ പേരിൽ ഞാൻ നന്ദി രേഖപ്പെടുത്തുന്നു. വിനീതച്ചൻ വിശ്രമ ജീവിതം നയിച്ച അവസാന കാലഘട്ടങ്ങളിൽ അദ്ദേഹത്തെ ഒരു കുടുംബാംഗത്തെ പോലെ പരിപാലിച്ചുപോന്ന ജോൺ തട്ടിൽ അച്ചനും ജോയ് കോളേങ്ങാടൻ അച്ചനും ഞാൻ നന്ദി രേഖപ്പെടുത്തുന്നു.

മിക്ക ദിവസങ്ങളിലും പ്രേഷിതാരാം ആശ്രമത്തിലെ കൊച്ചച്ചനായ പ്രതാപ് അച്ചൻ വിനീതച്ചൻെറ എല്ലാ വിശേഷങ്ങളും ഞങ്ങളെ അറിയിക്കാറുണ്ടായിരുന്നു. ഒരു കൊച്ചുമോൻ വല്ല്യപ്പച്ചനെ നോക്കുന്നതുപോലെ വിനീതച്ചനെ ശുശ്രൂഷിച്ച പ്രതാപ് തുരുത്തുമാലി അച്ചനും വിനീതച്ചന് താങ്ങും തണലുമായി നിന്ന ക്രിസ്റ്റോക്കും, ആൻറണി ചേട്ടനും പ്രേഷിതാരാമിലെ എല്ലാ വൈദികർക്കും സഹോദരങ്ങൾക്കും കുടുംബാംഗങ്ങളുടെ പേരിലും എൻെറ വ്യക്തിപരമായ പേരിലും ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു.

വിനീതച്ചൻെറ അവസാന നാളുകളിൽ അച്ചനെ ശുശ്രൂഷിച്ച അമല ആശുപത്രിയിലെ ഡയറക്ടർ, ബഹുമാനപ്പെട്ട ജൂലിയസ് അറയ്ക്കൽ അച്ചനും, വിനീതച്ചൻെറ ശവസംസ്ക്കാര ശുശ്രൂഷക്കുവേണ്ട (crematio) എല്ലാ സജ്ജീകരണങ്ങളും ഒരുക്കിയ എല്ലാവർക്കും ഞാൻ നന്ദി പറഞ്ഞു കൊള്ളുന്നു.

ഇന്നത്തെ വിശുദ്ധ ബലിയിൽ വിനീതച്ചനെ കുറിച്ച് ജീവിതാനുഭവം പങ്കുവെച്ച ബഹുമാനപ്പെട്ട ആൻേറാ വട്ടക്കുഴി അച്ചനെ എനിക്ക് വളരെ കാലമായുള്ള പരിചയമുണ്ട്.പതിനെട്ടു വർഷം വിദ്യാവനം ആശ്രമത്തിൽ വിനീതച്ചനോടൊപ്പം അച്ചൻെറ ഇടവും വലവും ആയി നടന്നിരുന്നത് ആൻേറാ അച്ചനാണ്. വിനീതച്ചൻെറ ഏതൊരു കാര്യത്തിനും ഞങ്ങൾ സമീപിച്ചിരുന്നതും ആൻേറാ അച്ചനെയാണ്. വിനീതച്ചന് ആൻേറാ അച്ചനോടുള്ള പുത്ര തുല്യമായ വാത്സല്യം ഞങ്ങളുടെ കുടുംബത്തിലെ എല്ലാവർക്കും അറിയാവുന്നതാണ്. ഒരു മൂത്ത ജേഷ്ഠനെപോലെ ഞാൻ കാണുന്ന ആൻേറാ വട്ടക്കുഴി അച്ചനോട് കുടുംബാംഗങ്ങളുടെ പേരിലും എൻെറ വ്യക്തിപരമായ പേരിലും ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു.

ഇവിടെ സന്നിഹിതരല്ലെങ്കിലും ഈ കർമ്മങ്ങൾ ഓൺലൈൻ ആയി കണ്ടുകൊണ്ടിരിക്കുന്ന വിനീതച്ചൻ മക്കളെ പോലെ സ്നേഹിച്ചിരുന്ന മോളിചേച്ചിയും, ജോസ്ചേട്ടനും



ഉണ്ട്. 1983 മുതൽ മോളിചേച്ചിയും, ജോസ്ചേട്ടനും വിനീതച്ചന്റെ ഒപ്പം ഉണ്ട്. വിദ്യാവനം ആശ്രമത്തിന്റെ ആരംഭം മുതലേ മോളിചേച്ചി പേഴ്സണൽ സെക്രട്ടറിയായി വിനീതച്ചന്റെ കൂടെ ഉണ്ടായിരുന്നു. ഈ രണ്ടു പേരോടും കുടുംബാംഗങ്ങളുടെ പേരിലും എന്റെ വ്യക്തിപരമായ പേരിലും ഞാൻ നന്ദി പറഞ്ഞു കൊള്ളുന്നു.

ഇന്നത്തെ കർമ്മങ്ങൾ എല്ലാം ഭംഗിയായി നടത്തുവാൻ സ്ഥലവും സൗകര്യവും ഒരുക്കിതന്ന, വിനീതച്ചൻ അംഗമായിട്ടുള്ള ഭാരതമാതാ ആശ്രമത്തിലെ സുപ്പീരിയർ അച്ചനോടും മറ്റെല്ലാവരോടും കുടുംബാംഗങ്ങളുടെ പേരിൽ പ്രത്യേകം നന്ദി പറഞ്ഞു കൊള്ളുന്നു.

വിനീതച്ചൻ അസുഖമായി കിടന്നപ്പോൾ മുതൽ ഈ നിമിഷം വരെ പ്രാർത്ഥനയിലൂടെയും സാന്നിദ്ധ്യത്തിലൂടെയും ഞങ്ങളെ സമാശ്വസിപ്പിച്ച എല്ലാവർക്കും ഞങ്ങളുടെ കുടുംബാംഗങ്ങളുടെ പേരിൽ നന്ദി പറഞ്ഞു കൊള്ളുന്നു.

വിനീതച്ചന്റെ വിയോഗം ഞങ്ങൾക്ക് ഒരുപാട് വേദന നൽകുന്നുണ്ട്. നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയിൽ വിനീതച്ചനേയും ഞങ്ങളെയും ഓർക്കണമേ. ഒരിക്കൽ കൂടി എല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ട് ഞാൻ നിറുത്തുന്നു.

## Sheejo Attupuram CMI

Councillor, Preshitha-Coimbatore



വിനീതച്ചൻ ഒരു പുണ്യവര്യൻ. അനേകരുടെ ജീവിതത്തിൽ ഗുരുവായി വെളിച്ചം പകർന്നു കൊടുത്ത ഒരു പ്രകാശഗോപുരം. മരിക്കാത്ത ഓർമ്മകളുമായി അച്ചന്റെ ജ്ഞാനവും വിജ്ഞാനവും ഇന്നും നമ്മിൽ ജീവിക്കുന്നു. അച്ചൻ പ്രഭാഷണം ആരംഭിച്ചാൽ പിന്നെ അച്ചനല്ല മറിച്ച് ദൈവസ്വരമാണ് നിർഗളിക്കുക; പിന്നെ അച്ചൻ വേറെ ഒരു ലോകത്തിലാണ്. വാക്കുകളിലെ എളിമയും ശുദ്ധിയും മാന്യതയും ഉയർന്ന സംസ്കാരം വിളിച്ചോതുന്നതാണ്.

ഹൃദയത്തിൽ ദൈവത്തിന്റെ കയ്യൊപ്പുള്ള ഒരു മഹാത്മാവ്. വിനീതച്ചന്റെ സംസാരം എപ്പോഴും ക്രിസ്തു നിബിഡമായിരുന്നു. വ്യക്തിബന്ധങ്ങളിൽ ക്രിസ്തുവിന്റെ സാന്നിധ്യം ഉണ്ടെങ്കിൽ ആ ബന്ധങ്ങളെല്ലാം പവിത്രമായിരുന്നു എന്നതായിരുന്നു അദ്ദേഹത്തിന്റെ ചിന്ത. ഓർമ്മകളിലെ വിനീതച്ചൻ ആശയങ്ങളിലൂടെ ജീവിക്കട്ടെ.